

*Bismillah-ir-Rahman-ir-Rahim*

# MESSAGE OF THE KHALIFATULLAH
## HAZRAT KHALIFATHULLAH MUNIR AHMAD AZIM (A)

## 05 MAY 2020

## MESSAGE OF THE KHALIFATULLAH
## ഖലീഫത്തുല്ലാഹ്‌യുടെ സന്ദേശം

എന്റെ പ്രിയ സഹോദരീസഹോദരന്മാരെ, കുഞ്ഞുങ്ങളെ,

അസ്സലാമു അലൈയ്ക്കും വ റഹ്മത്തുല്ലാഹി വ ബർക്കാത്തുഹു.

മൗറീഷ്യസിൽ നിലവിലുള്ള ലോക്ക് ഡൗൺ കാലയളവ് 2020 ജൂൺ ആദ്യവാരം വരെ നീട്ടിയിരിക്കുകയാണ്. കോവിഡ് –19 പകർച്ചവ്യാധി മൗറീഷ്യസിൽ ഇപ്പോൾ നിയന്ത്രണവിധേയമായിരിക്കുകയാണ്. എന്റെ അഭിപ്രായത്തിൽ, ഗവൺമെന്റിന്റെ ഭാഗത്തു നിന്നും ധൃതിപ്പെട്ടുള്ള ലോക്ക്ഡൗൺ പിൻവലിയ്ക്കൽ ആശ്വാസ്യമല്ല. ഒറ്റയടിക്കു പിൻവലിയ്ക്കുന്നതിനു പകരം ക്രമേണ നിയന്ത്രണങ്ങൾക്ക് ഇളവു വരുത്തിക്കൊണ്ട് സാവാധാനം സാധാരണഗതിയിലേക്ക് എത്തുന്നതാണ് ഉചിതം. കാരണം മാരകമായ ഈ കൊറോണ വൈറസ് അദൃശ്യമായതിനാൽ, പെട്ടെന്നുള്ള ലോക്ക്ഡൗൺ പിൻവലിയ്ക്കൽ, നിലവിലുള്ള നിയന്ത്രിത സാഹചര്യത്തെ അട്ടിമറിയ്ക്കുകയും, അത് കൈവിട്ടുപോവുകയും ചെയ്യുന്നതിന് കാരണമാകുന്നതാണ്.

എന്തായാലും ശരി, നമ്മൾ ഇപ്പോൾ തുടർന്നുകൊണ്ടിരിക്കുന്ന ഈ ജീവിത സാഹചര്യത്തിൽ, കാര്യങ്ങൾ മുമ്പത്തെപ്പോലെ സാധാരണ നിലയിൽ ആവുകയില്ല. ഒരു പുതിയ ജീവിതരീതിയും, സാഹചര്യവും, നിലവാരവും ഉൾക്കൊള്ളുന്ന ഒരു യുഗപ്പിറവിയ്ക്ക് ഈ വൈറസ് ബാധയിലൂടെ തുടക്കം കുറിയ്ക്കപ്പെട്ടു കഴിഞ്ഞു.

മൗറീഷ്യസിലെ ദൈവീക ദൃഷ്ടാന്തത്തിന്റെ ആവിർഭാവ (പ്രത്യക്ഷീഭാവ)ത്തോട് അനുബന്ധമായി അല്ലാഹു(ത) എനിയ്ക്കു വെളിപ്പെടുത്തി തന്നവചനങ്ങൾ ഓർക്കുക. ഉണരുക, ഒരു പുതു

ലോകസൃഷ്ടിപ്പിനായി, പതിയെ പതിയെ ഒരു പുതുലോക സൃഷ്ടിപ്പിനു തുടക്കം കുറിയ്ക്കുന്നതിന് നാം സാക്ഷികളാവുകയാണ്. ഇപ്പോൾ ലോകത്തിന്റെ ജീവിതരീതികളും, ചിട്ടകളും ഒക്കെ എങ്ങനെ മാറിമറിയുന്നുവെന്ന് നാം കണ്ടുകൊണ്ടിരിക്കുകയാണ്. ഇൻശാഹ് അല്ലാഹ്, ഇതുമുഖേന ജനങ്ങൾ, ഒരുപക്ഷേ അല്ലാഹുവിലേക്ക് തിരിഞ്ഞേക്കാം!

**2020 മെയ് ആദ്യവാരത്തിൽ, അല്ലാഹു, അവന്റെ നശീകരണം വരുന്നു എന്നെനിയ്ക്ക് വെളിപ്പെടുത്തിത്തരികയുണ്ടായി.** ഒരു വലിയ അളവിലുള്ള നാശം ലോകത്ത് വരുന്നു. ഈ വെളിപാട് മുഖേന എന്റെ ഉള്ളിൽ ആഴത്തിലുള്ള ആകുലതയും, ആകാംക്ഷയും സൃഷ്ടിയ്ക്കപ്പെട്ടു. അല്ലാഹുവിന്റേയും അവന്റെ ഈ കാലഘട്ടത്തിലെ ദൈവീക നിയോഗിതന്റെയും എതിരാളികളുടെ അധഃപതനം ലക്ഷ്യമാക്കിയുള്ളതായിരുന്നു ഈ വെളിപാടുകൾ.

**അധികാരം കൈവരിയ്ക്കുവാനായി മനുഷ്യൻ ഒരു വൈറസിനെ സൃഷ്ടിച്ചു.** മനുഷ്യനെ ഇല്ലാതാക്കുവാനും മറ്റുലോക രാജ്യങ്ങൾക്കുമേൽ അധീശത്വം കൈവരിയ്ക്കുവാനുമായി. പക്ഷേ, അപ്പോൾ അവൻ, താൻ സൃഷ്ടിച്ച അതേ ആയുധം ഉപയോഗിച്ചു തന്നെ, അല്ലാഹു തനിക്ക് പ്രതിരോധം തീർക്കും എന്ന് അവൻ സ്വപ്നേപി വിചാരിച്ചില്ല. അത്തരം അക്രമികൾ മനുഷ്യകുലത്തെ നശിപ്പിക്കുമെന്നും, അധികാര വാഞ്ചയും, അസൂയയും മുഖേന അധികാരം കയ്യടക്കുമെന്നും അല്ലാഹു എനിയ്ക്ക് വെളിപ്പെടുത്തി തന്നിരിക്കുന്നു. അവർ സർവ്വരൂപത്തിലുമുള്ള ആയുധങ്ങൾ സ്വരൂപിക്കുകയും, അങ്ങനെ മാനവരാശിയെ നശിപ്പിച്ച്, മറ്റു രാജ്യങ്ങൾ തങ്ങളുടെ കാല്ക്കൽ രക്ഷയ്ക്കായി വീഴുന്നത് സ്വപ്നം കാണുകയും ചെയ്തുകൊണ്ടിരിക്കുകയാണ്. അങ്ങനെ അവർക്ക് മറ്റുള്ളവരുടെ മേൽ മേൽക്കൈ നേടുന്നതിനായി. അതിന്റെ പരിണിതഫലമാണ് ഇപ്പോൾ കോവിഡ്–19ന്റെ രൂപത്തിൽ നമ്മുടെ മുന്നിലുള്ളത്. 3.5ദശലക്ഷത്തിലധികം +veകേസുകൾ. അതുവെളിപ്പെടുത്തപ്പെട്ട എണ്ണം അനുസരിച്ചുള്ളത്. മൗറീഷ്യസിലെ 10 മര

ണങ്ങൾ ഉൾപ്പടെ ലോകത്താകമാനമുള്ള മരണനിരക്ക് രണ്ട് ലക്ഷത്തി നാല്പത്തി അയ്യായിരം കവിഞ്ഞിരിക്കുകയാണ് ഇപ്പോൾ. ഈ വൈറസിനു മുമ്പിൽ ലോകത്തിലെ പ്രഗത്ഭ ഡോക്ടർമാർവരെ നിഷ്പ്രഭരായി മാറിയിരിക്കുന്നു. വൈദ്യശാസ്ത്രമേഖലയിൽ നിന്നും ഡോക്ടർമാർ ഉൾപ്പടെയുള്ളവരെ ഈ രോഗം, സാധാരണക്കാരെ കൂടാതെ, കവർന്നെടുത്തിരിക്കുന്നു. മൗറീഷ്യസിൽ നിന്നുൾപ്പടെ, ലോകമാകമാനമുള്ള ഡോക്ടർമാരിൽ പലരും ഈ രോഗബാധിതരായി ഇഹലോകത്തോട് വിടപറഞ്ഞുകഴിഞ്ഞു. അടുത്തിടെ യു.എസിലെ ഒരു യുവഡോക്ടർ കോവിഡ് സാഹചര്യം മറികടക്കാനുള്ള വഴിയില്ലാതെ ആത്മഹത്യചെയ്തതുവരെയുള്ള റിപ്പോർട്ടുകൾ വന്നുകൊണ്ടിരിക്കുന്നു. അടച്ചിരുന്ന് ശീലമില്ലാത്ത യുവതലമുറയിലെ പലരും, ആത്മഹത്യ ഒരു പോംവഴിയായി സ്വീകരിക്കുന്നു.

ലോകത്തെ കീഴടക്കിയ അധീശശക്തികൾ എന്ന് അഹങ്കരിച്ചിരുന്ന രാജ്യങ്ങൾപോലും ഈ വൈറസിനു മുന്നിൽ പഞ്ചപുച്ഛമടക്കി നില്ക്കുന്നു. അത് ജീവിച്ചിരിക്കുന്ന ഒരു അദൃശ്യശക്തിയായി വിലസുകയാണെങ്ങും. യുണൈറ്റഡ് സ്റ്റേറ്റ്സ് ഓഫ് അമേരിക്കയിൽ മാത്രം പത്തുലക്ഷത്തിലേറെ കോവിഡ് –19 പോസിറ്റീവ് കേസുകളും, അറുപത്തി ഏഴായിരത്തിനു മുകളിൽ മരണവും റിപ്പോർട്ട് ചെയ്യപ്പെട്ടു കഴിഞ്ഞു. സെപ്യിൻ, ഇറ്റലി, ബ്രിട്ടൻ, ഫ്രാൻസ് തുടങ്ങിയ രാജ്യങ്ങൾ സ്ഥിതിഗതികൾ ഒട്ടും ആശാവഹമല്ലാതെ പിന്നാലെ തന്നെയുണ്ട്.

തങ്ങളുടെ കുഞ്ഞുങ്ങളെ അനാഥരായി വിട്ടുകൊണ്ട് മാതാപിതാക്കളും, മാതാപിതാക്കളെ തനിച്ചാക്കി മക്കളും കോവിഡ് ബാധിച്ച് മരണം പുൽകിക്കൊണ്ടിരിക്കുന്ന സങ്കടകരമായ കാഴ്ചകളാണ് എവിടെയും! എങ്ങും നിരാശ പൂണ്ട, ഭാവിയെ പറ്റി അനിശ്ചിതത്വം പുലർത്തുന്ന ജനസമൂഹം മാത്രം.

ആയതിനാൽ, കോവിഡ്–19 കൊറോണ വൈറസ് ആധിപത്യം സ്ഥാപിച്ചുകൊണ്ടിരിക്കുന്ന ഈ സാഹചര്യത്തിൽ, എനിക്ക് ലോകത്തെ ഉണർത്തുവാനുള്ളത് ഇത് മാത്രമാണ്. നിങ്ങൾ മുൻകരുതൽ നടപടികൾ സ്വീകരിച്ചുകൊള്ളുക. മാനവരാശി അപകടത്തിലാണ്. ഞാനിക്കാര്യം ആവർത്തിച്ചു പറഞ്ഞുകൊണ്ടിരിക്കുകയാണ്. ഹൃദയശൂന്യമായി ഒരു രാജ്യം

പ്രവർത്തിച്ചു കഴിഞ്ഞ സ്ഥിതിയ്ക്ക്, മറ്റു രാജ്യങ്ങൾ പ്രതികരിച്ചു തുടങ്ങുവാൻ അധികം വൈകുകയില്ല. അങ്ങനെയെങ്കിൽ സാഹചര്യം പ്രശ്നകലുഷിതമാകാൻ ഒട്ടും വൈകില്ല.

അതിനാൽ നിങ്ങളെയും, ചുറ്റുമുള്ള മറ്റുള്ളവരെയും രക്ഷിക്കുവാനായി എനിയ്ക്ക് നിങ്ങളോട് പറയുവാനുള്ളത് അക്രമങ്ങളിൽ നിന്നും, ദുഷ്ചിന്തകളിൽ നിന്നും നിങ്ങൾ ഒഴിഞ്ഞു നില്ക്കുക. നിങ്ങൾക്കും മറ്റുള്ളവർക്കും നാശം ഉണ്ടാക്കുന്ന ദുഷ്പ്രവണതകളെ വിട്ടു മാറുക. നിങ്ങളെ ഒന്നുമില്ലായ്മയിൽ നിന്നും-ശൂന്യതയിൽ നിന്നും സൃഷ്ടിച്ച്, നിങ്ങൾക്ക് വേണ്ട സൗകര്യങ്ങൾ നൽകിയ നിങ്ങളുടെ രക്ഷിതാവിൽ, നിങ്ങൾ പരിപൂർണ്ണ വിശ്വാസം അർപ്പിക്കുക. നിങ്ങൾക്ക് അവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമായിരിക്കുന്നു. അതിന് നിങ്ങൾ നിങ്ങളുടെ നാഥനോട് കൃതജ്ഞത കാട്ടുക. മറ്റു ചില രാജ്യങ്ങളിലെ സ്ഥിതി ഏറെ പരിതാപകരം. ജീവിക്കാൻ ആഹാരത്തിനു വകയില്ലാതെ, ദാഹമകറ്റാൻ ശുദ്ധജലമില്ലാതെ ജനങ്ങൾ മാലിന്യക്കൂമ്പാരങ്ങൾ ചികയുന്ന മനസ്സുനീറ്റുന്ന, കണ്ണുകൾ നിറയിയ്ക്കുന്ന, മനഃസ്സാക്ഷിയെ മരവിപ്പിക്കുന്ന കാഴ്ചകൾ നിലനില്ക്കുന്നു. കുടിയ്ക്കാതെ, കഴിയ്ക്കാതെ, ധരിയ്ക്കാൻ വസ്ത്രമോ, തലചായ്ക്കാൻ സുരക്ഷിതമായ ഒരിടം പോലുമില്ലാത്ത അവർക്കു വേണ്ടി പ്രാർത്ഥിയ്ക്കുക. നിങ്ങൾ ഉള്ളതിൽ തൃപ്തരായിരിക്കുക. മാനവസമൂഹത്തെ സഹായിക്കുക. അല്ലാഹു തീർച്ചയായും നിങ്ങളെ സഹായിക്കുന്നതാണ്. നല്ലവനായി മാറുക. അല്ലാഹു നിങ്ങളോട് നല്ലവനായി മാറും.

വീട്ടിൽ അടച്ചുപൂട്ടിയിരിക്കുന്നത് ശ്രമകരമായ ഒന്നാണെന്ന് എനിയ്ക്കറിയാം. നമ്മുടെ ജോലിയും, ബിസിനസ്സും ഒക്കെ ഇല്ലാതെയാവുന്നു. കഷ്ടപ്പാടിലേയ്ക്കും, ബുദ്ധിമുട്ടുകളിലേയ്ക്കും, അത് നമ്മെ നയിക്കുന്നു എന്നത് ശരിയാണ്. ജീവിതമാകെ പ്രതിസന്ധിയിലായിരിക്കുന്ന ഈ ഘട്ടമാണ് അല്ലാഹുവിലേക്ക് തിരിയുവാൻ ഏറ്റവും അനുയോജ്യമായ സമയം. സർവ്വശക്തനായ അല്ലാഹുവിലേക്ക് തിരിയുക. അവനോട് സഹായത്തിനായി കേണപേക്ഷിയ്ക്കുക. ചെയ്തുപോയ പാപങ്ങളെയും വരുത്തിവച്ച വിപത്തുകളെയും, തെറ്റുകളെയും ഓർത്ത് പശ്ചാത്തപിക്കുക. സ്വയം നന്നാവുക.

അല്ലാഹുവേ, ഞാൻ എന്റെ പാപങ്ങളെ ഓർത്ത് പശ്ചാത്തപിക്കുകയും, ഇനി അവയിലേക്ക് തിരികെ പോവുകയില്ലെന്നും, തെറ്റുകൾ ആവർത്തിക്കുകയില്ലെന്നും വാഗ്ദാനം ചെയ്യുകയും ചെയ്യുന്നു.

ലോകത്തിന്റെ ഒരേയൊരു സ്രഷ്ടാവായ, നിങ്ങളുടെ നാഥനോട് നിങ്ങൾ മാത്രം ഒപ്പമുള്ള നിങ്ങളുടേതു മാത്രമായ സമയം ആണിത്. ചിലപ്പോൾ നിങ്ങൾ കരുതും, പുതിയ കൊറോണ രോഗികളുടെ വിവരങ്ങൾ ഒന്നുമില്ല. ഇനി എനിക്ക് പുറത്തിറങ്ങി നടക്കാം എന്ന്. ഈ വൈറസിനെ വളരെ എളുപ്പത്തിൽ ഇല്ലാതാക്കാൻ കഴിയുമെന്ന് ആരെങ്കിലും വിചാരിക്കുന്നുണ്ട് എങ്കിൽ അത് മാരകമായിരിക്കും. അല്ല, അത് ശരിയല്ല. പ്രാർത്ഥനയുടെ പിൻബലമില്ലായെങ്കിൽ നമ്മളെല്ലാവരും നിസ്സഹായരാണ്. അല്ലാഹു(ത) നമുക്ക് അവനിലേക്ക് തിരിയുവാനുള്ള ഒരവസരം ഒരുക്കിത്തന്നിരിക്കുകയാണ് ഇപ്പോൾ. ഈ ഭയത്തെ ദൂരികരിക്കുവാനും, ഈ വിഘ്നത്തെ ഇല്ലാതാക്കുവാനും കഴിയുന്നത് അവനു മാത്രമാണ്. **ഈ വൈറസിനേക്കാൾ അധികമായി അല്ലാഹുവിനെ ഭയക്കുക.** അല്ലാഹുവിനെ ഭയക്കുകയും, പരിശുദ്ധമായ ആത്മാവുമായി അവനിലേക്ക് മടങ്ങുന്നതിന് ശാരീരികമായും, മാനസികമായും, ആത്മീയമായും സ്വയം തയ്യാറെടുക്കുകയും ചെയ്യുക. ഹൃദയത്തിലെ ഭയമുൾപ്പടെയുള്ള എല്ലാ അന്ധകാരങ്ങളെയും അല്ലാഹുവിന്റെ പ്രകാശത്താൽ അകറ്റുകയും, അതിനെ ഹൃദയത്തിലേക്ക് സ്വാംശീകരിക്കുകയും ചെയ്യുക. ഭൗതീകലോകവുമായുള്ള അമിതബന്ധം വിച്ഛേദിച്ച് അല്ലാഹുവുമായി ബന്ധം സ്ഥാപിച്ചെടുക്കുക. സർവ്വശക്തനായ അല്ലാഹു ഇച്ഛിക്കുന്ന പ്രകാരമുള്ള ഭക്തദാസനായി മാറുക. ആ ശുഭമുഹൂർത്തത്തിൽ മലക്കുകൾ പോലും നിങ്ങളുടെ ചങ്ങാതികളായി മാറുകയും, ഈ വിപത്തിനെതിരിൽ നിങ്ങളുടെ പരിചയായി നിലകൊള്ളുകയും ചെയ്യുന്നതാണ്.

രാജ്യത്തിന്റെ വിവിധ സാമ്പത്തിക മേഖലകളിൽ തൊഴിലെടുക്കുന്ന എല്ലാവരും–ആരോഗ്യമേഖലയിലുള്ളവർ, വൻകിട ചെറുകിട ബിസിനസുകാർ, ടാക്സി തൊഴിലാളികൾ, വിദേശങ്ങളിൽ ജോലിചെയ്യുന്നവർ തുടങ്ങി സമൂഹത്തിന്റെ താഴെക്കിടയിലുള്ളവർ വരെ അവരവരുടേതായ രീതിയിൽ ബുദ്ധിമു

ട്ടുകൾ അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. ഈ വിഷമസന്ധിയിൽ തങ്ങൾ കടന്നുപോകുന്ന ബദ്ധപ്പാടുകളെപ്പറ്റി ഓരോരുത്തരും ബോധവാന്മാരായി മാറിയിരിക്കുന്നു. പക്ഷേ, ഈ വിപത്തുകൾക്കിടയിലും തുറന്നു പ്രവർത്തിക്കുവാൻ അനുമതി നല്കിയിട്ടുള്ള സൂപ്പർമാർക്കറ്റുകൾ, ഹൈപ്പർ മാർക്കറ്റുകൾ, ചന്തകൾ തുടങ്ങിയവയുടെ ഉടമകൾ അവസരം മുതലെടുത്ത് ജനങ്ങളെ പിഴിയുന്ന രീതിയിൽ അവശ്യസാധനങ്ങളുടെ വില അനിയന്ത്രിതമായി വർദ്ധിപ്പിച്ചിരിക്കുന്നു.

ഇവിടെ മൗറീഷ്യസിലെ സ്ഥിതി പറയുകയാണെങ്കിൽ വാണിജ്യമന്ത്രിയുടെ, അഭിപ്രായത്തിൽ കടകളിലും, സൂപ്പർമാർക്കറ്റുകളിലും, ഹൈപ്പർമാർക്കറ്റുകളിലും, സാധനങ്ങളുടെ വമ്പിച്ച സ്റ്റോക്കുണ്ടെന്നും, വിലകൾ കൂട്ടുകയില്ല എന്നുമാണ്. പക്ഷേ, വാസ്തവം നേരെ മറിച്ചാണ്. അവശ്യസാധനങ്ങൾക്ക് വില വർധനയുണ്ടായതു കാരണം ഏറ്റവും അധികം കഷ്ടപ്പെടുന്നത് സാധാരണക്കാരും, മധ്യവർഗ്ഗക്കാരുമാണ്. സാധനങ്ങൾക്ക് വന്ന വിലക്കയറ്റം ആഘാതജനകമായ സാഹചര്യങ്ങൾ സൃഷ്ടിച്ചുകൊണ്ടിരിക്കുന്നു. അവശ്യഭക്ഷണങ്ങളായ, അരി, ഗോതമ്പ് പൊടികൾ, പച്ചക്കറികൾ തുടങ്ങിയവയൊക്കെ ക്രമാതീതമായ വിലക്കയറ്റമാണ്.അതോടൊപ്പം തൊഴിലെടുക്കുന്ന വിഭാഗങ്ങൾക്കു ലഭിച്ചുകൊണ്ടിരുന്ന ശമ്പളവും, ആനുകൂല്യങ്ങളും പകുതിയായി കുറച്ചിരിക്കുന്നു. ജീവിതനിലവാരം ഉയരുന്ന സാഹചര്യത്തിൽ അവർ ഇതുകൂടി എങ്ങനെതാങ്ങും? സാഹചര്യം വളരെ രൂക്ഷമായി മാറിക്കൊണ്ടിരിക്കുന്നു.

ആയതിനാൽ ലോക്ഡൗൺപിൻവലിക്കുന്നത് പരിഗണിക്കുമ്പോൾ അങ്ങേയറ്റം ശ്രദ്ധകൊടുക്കേണ്ടതാണ്. രാജ്യത്തിന് ലോക്ഡൗണിൽ കാലാകാലം നില്ക്കാനാവില്ല. അതിന് മുന്നോട്ടുപോയെ പറ്റുകയുള്ളു. ആയതിനാൽ, ശ്രദ്ധാപൂർവ്വവും, ബോധപൂർവ്വവുമുള്ള പദ്ധതികളുടെ ആസൂത്രണം അത്യന്താപേക്ഷിതമാണ്. അല്ലെങ്കിൽ മൗറീഷ്യസിൽ വൈറസ് ആക്രമണത്തിന്റെ രണ്ടാം വരവ് ഭീകരമായ തിരിച്ചടികൾ രാജ്യത്തിനു നല്കും.

കാര്യങ്ങൾ സാധാരണ നിലയിലേക്ക് മടക്കിക്കൊണ്ടു വരുവാൻ എന്താണ് ചെയ്യേണ്ടത്? ലോക്ക്ഡൗണിനു ശേഷം സ്കൂളുകൾ എങ്ങനെയാണ് പ്രവർത്തന സജ്ജമാക്കുക? രാജ്യ

ത്തിന്റെ സാമ്പത്തികരംഗം ഉത്തേജിപ്പിക്കുവാൻ എന്തൊക്കെ നടപടികളാണ് ആവിഷ്കരിച്ചിരിക്കുന്നത്? ഗവൺമെന്റ് ധനികരെ വീണ്ടും ധനികരാക്കുന്ന നടപടികൾ സ്വീകരിക്കുമോ? അതൊ, പണക്കാർക്കും പാവങ്ങൾക്കും ഇടയിൽ ഒരു സംതുലനം സൃഷ്ടിയ്ക്കുന്ന പദ്ധതികൾ ആവിഷ്കരിക്കുമോ? ദരിദ്രവർഗ്ഗവും, മധ്യവർഗ്ഗവും ആണ് ഇപ്പോഴത്തെ ആപത്ഘട്ടത്തിൽ അത്യധികം കഷ്ടതയനുഭവിയ്ക്കുന്നത്. ഈ വൈറസ് ഈ പാവങ്ങളുടെ ബാങ്ക് ബാലൻസിലേക്ക് ഒന്നെത്തിനോക്കുന്ന പോലുമില്ല. അതിൽ നിന്നുള്ള പകർച്ച കിട്ടിക്കഴിഞ്ഞാൽ, കുമ്പാരം കണക്കിന് ധനമുണ്ടെങ്കിൽ തന്നെയും, ആർക്കും ആരെയും രക്ഷിക്കാൻ പറ്റില്ല.

ആരോഗ്യം എന്നത് അങ്ങേയറ്റം മൂല്യം നല്കേണ്ട ഒരു നിധിയാണ്. ആരോഗ്യമില്ലെങ്കിൽ, കാശുണ്ട് എന്നു പറഞ്ഞതുകൊണ്ട് ഒരു കാര്യവുമില്ല. ആരോഗ്യമാണ് യഥാർത്ഥ ധനം. ഓരോരുത്തരും അവരവരുടെ ശാരീരികവും ആത്മീയവുമായ ആരോഗ്യം പരിരക്ഷിക്കണം. ശരീരത്തിനെന്നെപോലെ ആത്മാവിനും നിലനില്ക്കുവാൻ ശരിയായ ആഹാരവും സംരക്ഷണവും അത്യാവശ്യമാണ്. **ആത്മാവിന്റെ ഭക്ഷണമെന്നത് പ്രാർത്ഥനയാണ്. അതാണ് അതിനെ അതിന്റെ സ്രഷ്ടാവുമായി ബന്ധിപ്പിക്കുന്ന കണ്ണി. അത് എത്രത്തോളം തന്റെ സ്രഷ്ടാവുമായി അടുത്തിരിക്കുന്നുവോ, അത്രത്തോളം അവൻ അപകടങ്ങളിൽ നിന്നും സുരക്ഷിതനായിരിക്കും. അത് ഏതുവരെയെന്നു വച്ചാൽ അവന്റെ മരണത്തിനുള്ള വിധി വന്ന്, അവൻ ഈ ലോകം വിട്ടുപിരിയുന്ന ആ നിമിഷം വരെ. തീർച്ചയായും, ഭൂമിയിൽ ആരും ശാശ്വതമായി ജീവിക്കുന്നില്ല.**

മൗറീഷ്യസിനെ പോലെ, ചെറുതും, വലുതുമായ അനേകം രാജ്യങ്ങൾ കഷ്ടതയനുഭവിച്ചുകൊണ്ടിരിക്കുകയാണ്. വ്യോമയാന മേഖല സ്തംഭിച്ചതു വലിയ ഒരു നഷ്ടമാണ്. നിർഭാഗ്യവശാൽ, ഈ സ്തംഭനത്തിനു കാരണമായി പറയുന്നത് ഇപ്പോഴത്തെ കൊറോണ വൈറസ് ആക്രമണമാണ്. 2015 ൽ എനിയ്ക്കു ലഭിച്ച വെളിപാടുകളുടെ വെളിച്ചത്തിൽ ഞാൻ എന്റെ പ്രസംഗങ്ങളിലൂടനീളം മൗറീഷ്യൻ വ്യോമയാന മേഖ

ലയ്ക്കു വരാൻ പോകുന്ന കോടികളുടെ നഷ്ടത്തെപറ്റി അറിയിച്ചിരുന്നതാണ്. ഈ നഷ്ടത്തിനു കാരണം വ്യോമയാനമേഖലയുടെ തലപ്പത്തിരിക്കുന്നവർ വൈദഗ്ദ്ധ്യം കുറഞ്ഞവരും അഴിമതിയിൽ അകപ്പെട്ടവരും ആയതിനാലാണ്.

ഈ മേഖലയിൽ വൈദഗ്ദ്ധ്യം ഉള്ള ആളുകൾ തലപ്പത്ത് ഉണ്ടായിരുന്ന സമയത്ത് എയർ മൗറീഷ്യസ് ലക്ഷക്കണക്കിന് കോടികളുടെ വരുമാനം നേടിയെടുത്തിരുന്നു. ഇപ്പോൾ ചോദ്യങ്ങളും, മറുചോദ്യങ്ങളും ഒക്കെയായി ഒരു കുഴഞ്ഞ പരുവത്തിലായി വ്യോമയാനമേഖല. തലപ്പത്തിരിക്കുന്നവർ, പ്രതിപക്ഷത്തിന്റെയും സാധാരണക്കാരുടെയും ചോദ്യങ്ങളെ ഭയപ്പെടുന്നു. സാഹചര്യം ഇത്ര മോശപ്പെട്ട ഈ വേളയിൽ, ഏകദേശം മൂവായിരത്തോളം എയർ മൗറീഷ്യസ് ഇപ്പോൾ ഒരു ദുരന്തമുഖത്താണ്. അത് വിദേശനാണ്യം നേടിത്തരുന്നതിൽ വളരെ പ്രധാനപ്പെട്ട പങ്കുവഹിച്ചിരുന്നു. വിനോദസഞ്ചാരമേഖല എന്ന നിലയിൽ സഞ്ചാരികളെ ആകർഷിച്ചിരുന്ന രാജ്യം, ആ അർത്ഥത്തിൽ രാജ്യത്തെ ടാക്സി ഡ്രൈവർമാർക്കും, ഹോട്ടൽ തുടങ്ങിയ സ്ഥാപനങ്ങൾ, നല്ല ജോലി സാധ്യതയും, വരുമാനവും നേടിക്കൊടുത്തിരുന്നു.

സ്റ്റേറ്റ് ബാങ്ക് ഓഫ് മൗറീഷ്യസും ഇതുപോലെ സങ്കീർണ്ണമായ അന്തരീക്ഷത്തിലൂടെ കടന്നുപോകുന്നു. ഒന്നിനു മേൽ മറ്റൊന്നായ അനവധി പ്രശ്നങ്ങൾ ബാങ്കിംഗ് മേഖല നേരിട്ടുകൊണ്ടിരിക്കുന്നുവെങ്കിലും ഒന്നിനും ഒരു ശരിയായ പരിഹാരമാർഗ്ഗം കണ്ടെത്തുവാൻ ഇതുവരെ കഴിഞ്ഞിട്ടില്ല.

ജനങ്ങൾ തങ്ങളെപ്പോലെ മറ്റെല്ലാവരിലും വിശ്വാസമർപ്പിക്കരുത്. മറ്റുള്ളവർക്ക് സൂപ്പർമാനെപോലെ ഏതു പ്രശ്നത്തെയും പരിഹാരിക്കാനും, ഏതു സാഹചര്യത്തെയും നേരിടാനും കഴിയുമെന്ന മിഥ്യാധാരണയുടെ അടിസ്ഥാനത്തിൽ ആണ് ആളുകൾ അത്തരക്കാരെ കണ്ണടച്ചു വിശ്വസിക്കുന്നത്. യഥാർത്ഥ പിന്തുണയും, സഹായവും നല്കുന്നത് അല്ലാഹു (ത) മാത്രമാണ്. അവനു മാത്രമേ ഏതു പ്രതികൂല സാഹചര്യത്തെയും മാറ്റി മറിച്ച് അനുകൂല സാഹചര്യമാക്കുന്നതിനും സത്യവും നീതിയും ഭൂമിയിൽ പുനഃസ്ഥാപിക്കുന്നതിനും സാധി

ക്കുകയുള്ളൂ. അതിനുള്ള ഒരേയൊരു പോംവഴി ജനങ്ങൾ ഭക്തി മാർഗ്ഗം പിന്തുടരുകയും, നീതിനിഷ്ഠ ജീവിതത്തിൽ സ്വായത്ത മാക്കുകയും ചെയ്യുക എന്നതു മാത്രമാണ്. കാരണം അതുമു ഖേന നമുക്ക് തെളിഞ്ഞ മനസ്സോടെ നമ്മുടെ ലോകത്തെ നവീ കരിക്കുവാനുള്ള പ്രവർത്തനങ്ങളിൽ സജീവമാകുന്നതിനും, സാധിക്കും. ഇത് നമ്മുടെ കഴിവുകൊണ്ടല്ല മറിച്ച് അല്ലാഹു വിന്റെ പ്രതാപം കൊണ്ടും അവൻ അവന്റെ വെളിപാടുകളി ലൂടെ പകർന്നു നല്കുന്ന ശക്തികൊണ്ടുമാണ് സാധ്യമാകു ന്നത്. അല്ലാഹു സർവ്വജ്ഞനാകുന്നു. അവനു മാത്രമാണ് നമ്മുടെ പ്രശ്നങ്ങളെ പരിഹരിക്കുവാനുള്ള അറിവ് നമുക്ക് പകർന്നു നല്കുവാൻ സാധിക്കുക. മനുഷ്യൻ സർവ്വശക്തനായ അല്ലാഹുവിനെ മറന്നുകൊണ്ട്, തന്റെ കഴിവുകളെപ്പറ്റി പൊങ്ങച്ചം നടിയ്ക്കരുത്. ധാർഷ്ട്യം കാണിയ്ക്കുന്നവനെ അല്ലാഹു നശിപ്പിക്കുകയും, പൊതുജനമധ്യേ അവനുള്ള പ്രതി ച്ഛായയെ കരിതേച്ചു കാണിക്കുകയും ചെയ്യും.

ആയതിനാൽ, ഭൂമിയിലെ അല്ലാഹുവിന്റെ പ്രതിനിധി എന്ന നിലയിൽ എനിക്ക് നിങ്ങളോട് പറയുവാനുള്ളത്. അല്ലാഹു വിനെ ഭയക്കുക, എന്നെ അനുസരിക്കുക എന്നു മാത്രമാണ്. എന്റെ വാക്കുകളെ പുച്ഛിച്ചു തള്ളുകയും, അവയ്ക്കെതിരിൽ പുറംതിരിയുകയും ചെയ്യാതിരിക്കുക. ഞാനിതെല്ലാം പറയുന്നത് നിങ്ങളുടെ നന്മ ഉദ്ദേശിച്ചു മാത്രമാണ്. അല്ലാഹുവിന്റെ ദൂതൻ എന്ന നിലയിൽ ഇതെന്റെ ഉത്തരവാദിത്തമാണ്. ഇതിന് ഞാൻ നിങ്ങളിൽ നിന്ന് കൂലി ആവശ്യപ്പെടുന്നില്ല. ദൈവീക കല്പന യനുസരിച്ചാണ് ഞാൻ നിങ്ങളുടെ മുമ്പാകെ ഈ സന്ദേശത്തെ അവതരിപ്പിക്കുന്നത്. മാനവരാശി അപകടത്തിലാണ്. ഇനിയും പലതരത്തിലുള്ള അപകടങ്ങൾ വന്നുകൊണ്ടിരിക്കുന്നു. മാര കവൈറസുകൾ, യുദ്ധങ്ങൾ, പട്ടിണി കരിനിഴൽ വീശുന്ന ഒരു കാലഘട്ടം തുടങ്ങിയവയാണ് ആ മാരക അപകടങ്ങൾ. കുറ്റ കൃത്യങ്ങൾ അനിയന്ത്രിതമാകും. വന്നുകൊണ്ടിരിക്കുന്ന അപ കടങ്ങൾ ധൃതഗതിയിൽ കടന്നു വരും. ഇസ്ലാം പകർന്നു നല്കുന്ന മാർഗ്ഗദർശനങ്ങൾ പിന്തുടരാൻ ജനങ്ങൾ തയ്യാറാ വുകയും പ്രവാചകന്മാരിലൂടെ അല്ലാഹു(ത) വെളിപ്പെടുത്തി

ത്തന്ന ദൈവീകാധ്യാപനങ്ങളുടെ സാരാംശം ജീവിതത്തിൽ പ്രാവർത്തികമാക്കുകയും ചെയ്തില്ലായെങ്കിൽ മാനവരാശി നാശത്തിൽ അകപ്പെട്ടുപോവുകയേയുള്ളൂ.

ആയതിനാൽ വിനയപൂർവ്വം സർവ്വശക്തനായ അല്ലാഹുവിലേക്ക് തിരിയുക. അവനോട് ധാർഷ്ട്യം കാട്ടരുത്. അവനെ ഭയപ്പെടുക. നിങ്ങൾക്കൊന്നും അറിയില്ലെങ്കിൽ തങ്ങൾക്കെല്ലാം അറിയാം എന്നുഭാവിയ്ക്കാതിരിക്കുക. മാനവരാശിയെ മെച്ചപ്പെടുത്തുന്നതിനും, നമ്മുടെ കുഞ്ഞുങ്ങളുടെ തെളിമയാർന്ന ഭാവിയ്ക്കുവേണ്ടിയും ഉപദേശം തേടുക. അങ്ങനെയാകുകിൽ, നമുക്ക് അവർക്കായി തഖ്‌വയിൽ അധിഷ്ഠിതമായ ഒരു ലോകം സൃഷ്ടിക്കുന്നതിനു സാധിയ്ക്കുന്നതാണ്.


- **അല്ലയോ ഞങ്ങളുടെ നാഥാ! നിനക്കു മാത്രമാണ് വിപത്തുകളിൽ നിന്നും ഞങ്ങളെ രക്ഷിക്കുവാൻ സാധിക്കുക!**
- **പ്രയാസപ്പെടുന്നവരെ സഹായിക്കുന്നവനും നീ മാത്രമാകുന്നു!**
- **എല്ലാ പ്രയാസങ്ങളെയും ലളിതമാക്കുന്നവനും നീ തന്നെ!**
- **എല്ലാ ബുദ്ധിമുട്ടുകൾക്കും പരിഹാരം കാണുന്നവനും നീയല്ലോ!**
- **നീ മാത്രമാണ് ആരാധനയ്ക്കർഹൻ, നിന്നിൽ നിന്നു മാത്രമാണ് ഞങ്ങൾ സഹായം തേടുന്നതും!**
- **ഞങ്ങളെ സഹായിയ്ക്കേണമേ! ഞങ്ങളോടു കരുണ കാട്ടേണമേ!**
- **സർവ്വമാന വിശ്വാസികളോടും ദയ കാട്ടേണമേ!**
- **നിന്റെ സത്യവും, ശക്തിയും, തിരിച്ചറിയുവാൻ ജനങ്ങളെ പ്രാപ്തരാക്കേണമേ!**
- **നിന്റെ നാമ സ്മരണയാൽ ദീപ്തമായ ജീവിതം നല്കി അനുഗ്രഹിയ്ക്കേണമേ! കാരണം അതല്ലോ ലോകമെങ്ങും നന്മ പരത്തുവാനുള്ള ഞങ്ങളുടെ ഊർജ്ജം!**

- **ഞങ്ങളിൽ നിന്റെ ആധിപത്യം വരേണമേ!**
- **നിന്റെ ആജ്ഞാനുവർത്തികളും ഭക്തദാസരും ആക്കേണമേ ഞങ്ങളേ!**
- **ഞങ്ങൾ നിന്നിൽ വിശ്വസിക്കുന്നു, നിന്നിൽ മാത്രം ഭരമേല്പിക്കുകയും ചെയ്യുന്നു!**
- **ഞങ്ങളെ നേർമാർഗ്ഗത്തിൽ നയിച്ചീടണേ!**
- **ഞങ്ങളുടെ പ്രാർത്ഥനകൾ സ്വീകരിച്ചാലും തമ്പുരാനേ!**
- **ഓ! അല്ലാഹ്! കഷ്ടതകളകറ്റുന്നവനേ! (ആമീൻ)**

നേർമാർഗ്ഗത്തിലേക്കായുള്ള നമ്മുടെ കർമ്മരംഗങ്ങളിൽ അല്ലാഹു(ത) നമ്മെ സഹായിക്കുമാറാകട്ടെ. നമ്മുടെ ബലഹീനതകളെ, അവന്റെ ശക്തിയാൽ ശക്തിപ്പെടുത്തി, ഈ ഭൂമിയിൽ അവന്റെ സൃഷ്ടികളെ ഒന്നിനെയും ഭയപ്പെടാതെ ജീവിക്കുവാനും അവൻ നമ്മെ പ്രാപ്തരാക്കട്ടെ. സർവ്വശക്തനായ അല്ലാഹുവിന്റെ സ്നേഹവും, കരുണയും മാത്രം ലക്ഷ്യമാക്കി, തഖ്‌വയിലും സഹാനുഭൂതിയിലും അധിഷ്ഠിതമായി, പങ്കുവെക്കലിന്റെയും കരുതലിന്റെയും അന്തഃസ്സത്ത ഉൾക്കൊണ്ട് സേവനം ചെയ്യുവാനും അല്ലാഹു(ത) നമ്മെ പ്രാപ്തരാക്കട്ടെ ഇൻശാഹ് അല്ലാഹ്!

ശ്രദ്ധാപൂർവ്വം കേട്ടതിന് നന്ദിപറഞ്ഞുകൊണ്ട് അവസാനപ്പിക്കട്ടെ.

**അസ്സലാമു അലൈയ്ക്കും വ റഹ്മത്തുല്ലാഹി വ ബർക്കാത്തുഹു.**




***Translated By :***
***Mukarram R. Jamaludin Raother***
***Fauzia Jamal Zain & Fazil Jamal***
***Issued By :***
***Amir - Jamaat Ul Sahih Al Islam***
***South Zone - Kerala, India***
***E-mail : jamal.raother@gmail.com***
***Web : www.jamaat-ul-sahih-al-islam.com***
***Blog : www.sahih-al-islam.blogspot.in***